പതിമൂന്നാം കേരള നിയമസഭ
രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നം: 4010

18/10/2011-ൽ മറുപടി
നല്കേണ്ടത്

ഹാരിസൺ മലയാളം കൈവശപ്പെടുത്തിയ ഭൂമി

| ചോദ്യം | ഉത്തരം |
| --- | --- |
| ഡോ. ടി. എം. തോമസ് ഐസക്<br>ശ്രീ. എ. കെ. ബാലൻ<br>ശ്രീ.ബി. ഡി. ദേവസ്സി<br>ശ്രീ.എം. ഹംസ | ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(റവന്യൂ വകുപ്പ് മന്ത്രി) |
| (എ) ഹാരിസൺ മലയാളം സർക്കാർ ഭൂമി കൈവശം വച്ച് സംസ്ഥാനത്തെ ഭൂരഹിതരെ വഞ്ചിക്കുകയാണെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട് |
| (ബി) വിദേശകമ്പനിയായ ഹാരിസൺ മലയാളം സംസ്ഥാനത്ത് ഭൂമി കൈവശപ്പെടുത്തിയത് എങ്ങിനെയാണെന്ന് വിശദമാക്കാമോ; ഇവർ ഏതെല്ലാം പ്രദേശങ്ങളിൽ എത്ര ഏക്കർ ഭൂമി കൈവശം വച്ച് വരുന്നുണ്ട്; | (ബി) ഹാരിസൺ മലയാളം ലിമിറ്റഡ് കമ്പനി കേരള സംസ്ഥാനത്ത് കൈവശം വച്ച് അനുഭവിച്ചുവരുന്ന ഭൂമികളിൽ 54,942.93.666 ഏക്കർ ഭൂമി ചുവടെ കൊടുത്തിട്ടുള്ള 3 ആധാരങ്ങൾ പ്രകാരം ലഭിച്ചതാണെന്നാണ് കമ്പനി അവകാശപ്പെടുന്നത്.<br>1. കൊല്ലം - 1600/1923- (25630.93.666 ഏ.സെ.ച.ലി.)<br><br>2. ചെങ്കൽപേട്ട് - 2804/1923 - (23419.00.000 ഏ.സെ.ച.ലി.)<br><br>3. ചെങ്കൽപേട്ട് -2805/1923 - (5893.00.000 ഏ.സെ.ച.ലി.)<br><br>ആകെ -- 54942.93.666 ഏ.സെ.ച.ലി.<br><br>കൊല്ലം താലൂക്കിൽ മുണ്ടക്കൽ വില്ലേജിൽ 2.36.53 ഹെക്ടർ ഭൂമിയും കൊല്ലം വെസ്റ്റ് വില്ലേജിൽ 1.78.76 ഹെക്ടർ ഭൂമിയും ഹാരിസൺ മലയാളം വിലക്കു വാങ്ങിയിട്ടുള്ളതും എന്നാൽ കമ്പനി പേരിൽ പോക്കുവരവ് ചെയ്തിട്ടില്ലാത്തതുമാണ്. സെറ്റിൽമെന്റ് രജിസ്റ്റർ പ്രകാരം പത്തനാപുരം താലൂക്കിൽ ആര്യങ്കാവ്, തെന്മല വില്ലേജുകളിലായി ഹാരിസൺ മലയാളം കമ്പനി പേരിൽ 7961.26 ഏക്കർ സ്ഥലമായുള്ളതാണ്. ടി സ്ഥലത്തിന്റെ ഉടമസ്ഥാവകാശം സംബന്ധിച്ച് ബഹു: കേരള ഹൈക്കോടതിയിൽ WP(C) നം. |

28115/2010, WP(C)നം. 8716/2010 നമ്പർ കേസുകൾ നിലവിലുള്ളതാണ്. HML കമ്പനിയ്ക്ക് മദ്രാസ് ചെങ്കൽപേട്ട സബ്‌രജിസ്ട്രാർ ഓഫീസിലെ2084/23, 20805 എന്നീ നമ്പരുകളിലായി രജിസ്റ്റർ ചെയ്യപ്പെട്ട ആധാരപ്രകാരമാണ് ഭൂമി കൈവശം വന്നുചേർന്നിരിക്കുന്നത്. HML കമ്പനി പാട്ട വ്യവസ്ഥയിലാണ് ഭൂമി കൈവശം വച്ചിട്ടുള്ളത്. വൈത്തിരി താലൂക്കിൽ HML കമ്പനിയ്ക്ക് താഴെ പറയുന്ന വില്ലേജുകളിലായി 2659.4425 ഹെക്ടർ ഭൂമിയാണുള്ളത്.
(മൂപ്പൈനാട് വില്ലേജ്- 561.4101 ഹെക്ടർ; കോട്ടപ്പടി വില്ലേജ് - 294.4159 ഹെക്ടർ; അച്ചൂരാനം വില്ലേജ് - 325.4960 - തൃക്കൈപ്പറ്റ വില്ലേജ് - 94.0115 ഹെക്ടർ- ചുണ്ട വില്ലേജ് - 267.3160- വെള്ളരിമല വില്ലേജ്- 609.9477 ഹെക്ടർ- പൊഴുതന വില്ലേജ്- 462.6103- തരിയോട് വില്ലേജ് - 44.2350- സുൽത്താൻ ബത്തേരി താലൂക്കിലെ നെന്മേനി വില്ലേജ്- 455.66 ഏക്കർ.
ഇടുക്കി ജില്ലയിൽ പീരുമേട് താലൂക്കിൽ 2285.7309 ഹെക്ടറും ഉടുമ്പൻചോല താലൂക്കിൽ പാട്ടവ്യവസ്ഥയിൽ 1376.45.50 ഹെക്ടറും ദേവികുളം താലൂക്കിൽ ലാന്റ് ബോർഡ് അവാർഡ് പ്രകാരം സ്പെഷ്യൽ ഗ്രാന്റ് പാട്ടമായി 645.52 ഹെക്ടറും, തൊടുപുഴ താലൂക്കിൽ ജി.ഒ. നം. 4508 എൽ.ആർ & എ.എഫ് തീയതി 16/04/1912 പ്രകാരം വിശേഷാൽ ചട്ടങ്ങൾ പ്രകാരം 549.96 ഹെക്ടർ ഭൂമിയും കരം, കുത്തകപ്പാട്ടം, എൽ.സി. ഇനങ്ങളിലായി 578.87.78 ഹെക്ടർ സ്ഥലവും കൈവശം വച്ചുവരുന്നു. ഇടുക്കി ജില്ലയിൽ ആകെ 5824.6037 ഹെക്ടർ സ്ഥലമാണ് വിവിധയിനങ്ങളിലായി ഹാരിസൺ മലയാളം കൈവശം വച്ചിട്ടുള്ളത്. മലയാളം പ്ലാന്റേഷൻസ് ലിമിറ്റഡ് പേരിൽ 1600/1923- ാം നമ്പർ ഇൻഡഞ്ചർ ഡീഡ് പ്രകാരം മലയാളം റബ്ബർ പ്രൊഡക്ട്സ് ലിമിറ്റഡ് കൈമാറ്റം ചെയ്യുവഴിയാണ് HML കമ്പനി ഭൂമി കൈവശത്തിൽ വച്ച് വരുന്നത് എന്ന് ലഭ്യമായ റിക്കാർഡുകൾ പ്രകാരം കാണുന്നു.
കോട്ടയം ജില്ലയിലെ കാഞ്ഞിരപ്പള്ളി താലൂക്കിൽ 574.24.20 ഹെക്ടർ ഭൂമി 1600/1923- ാം നമ്പർ ഇൻഡഞ്ചർ ഡീഡ് പ്രകാരം HML ന്റെ കൈവശത്തിലുണ്ട്. 1911ലെ കൊച്ചി ഗവണ്മെന്റ് പ്രതിനിധീകരിക്കുന്ന കൊച്ചി ദിവാന്റെ 26/01/1911ലെ 140- ാം നമ്പർ

പാട്ടക്കരാർ വ്യവസ്ഥ പ്രകാരമാണ് മുപ്ലിവാലി റബ്ബർ സിൻഡിക്കേറ്റിന് കൈമാറിയിട്ടുള്ളത്. പ്രസ്തുത കരാർ പ്രകാരമുള്ള 6063.19 ഏക്കർ (2454.73 ഹെക്ടർ) ഭൂമി തൃശ്ശൂർ ജില്ലയിലെ മുകുന്ദപുരം താലൂക്കിലെ വരന്തരപ്പിള്ളി വില്ലേജിൽ സ്ഥിതി ചെയ്യുന്നു.

(സി) വിദേശനാണ്യ വിനിമയ നിയമ(ഫെറ)മനുസരിച്ചോ കമ്പനി നിയമമനുസരിച്ചോ ഇന്ത്യൻ പാട്ട വ്യവസ്ഥയനുസരിച്ചോ ഭൂമി കൈവശം വയ്ക്കാൻ ഹാരിസൺ മലയാളം കമ്പനിയ്ക്ക് അർഹതയുണ്ടോ; എങ്കിൽ ഇക്കാര്യത്തിൽ എന്തു നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ ?

(സി) ഫെറ നിയമമനുസരിച്ചോ, കമ്പനി നിയമമനുസരിച്ചോ ഇൻഡ്യൻ പാട്ട വ്യവസ്ഥയനുസരിച്ചോ, ഭൂമി കൈവശം വയ്ക്കുവാൻ ഒരു വിദേശ കമ്പനിയ്ക്ക് അർഹതയില്ല. ഹാരിസൺ മലയാളം ലിമിറ്റഡിന്റെ കൈവശം സംശയാസ്പദമാകയാൽ ഇക്കാര്യത്തിൽ ടി കമ്പനിയ്ക്കെതിരെ സർക്കാരിൽ നിന്നും സത്വര നടപടികൾ സ്വീകരിച്ചുവരുന്നു. കൂടാതെ ഹൈക്കോടതിയുമായി ബന്ധപ്പെട്ട് നിരവധി വ്യവഹാരങ്ങളും നടത്തി വന്നിരുന്നതാണ്. ഹാരിസൺ മലയാളം ലിമിറ്റഡ് കമ്പനി ഗോസ്പൽ ഫോർ ഏഷ്യയ്ക്ക് കൈമാറിയ 2263 ഏക്കർ ഭൂമിയുടെ പോക്കുവരവ് റദ്ദ് ചെയ്ത നടപടിയെ ചോദ്യം ചെയ്തുകൊണ്ട് ഗോസ്പൽ ഫോർ ഏഷ്യ ബഹു: ഹൈക്കോടതിയിൽ ഫയൽ ചെയ്തിരുന്ന WP(C) 30850/07 നമ്പർ കേസിലും അനുബന്ധ കേസുകളിലും കക്ഷിയ്ക്ക് അനുകൂലമായി 30/06/2011ൽ വിധിയുണ്ടായിട്ടുണ്ട്. എന്നാൽ ഭൂമിയുടെ അവകാശ സംബന്ധമായ കാര്യങ്ങൾ അതാതിന് നിയോഗിക്കപ്പെട്ടതും അർഹതയുള്ളതുമായ നിയമ സ്ഥാപനങ്ങളിൽ പരിശോധിക്കാമെന്ന് കോടതി അഭിപ്രായപ്പെട്ടിട്ടുണ്ട്. ആയത് പ്രകാരം അപ്പീൽ ഉൾപ്പെടെയുള്ള തുടർ നടപടികളുമായി മുന്നോട്ട് പോകുന്നതിലേയ്ക്ക് സർക്കാർ നടപടി സ്വീകരിച്ചുവരുന്നു.

സെക്ഷൻ ഓഫീസർ